LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

2004 ജനുവരി 28, ബുധൻ

വാല്യം CXX] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2004 ജനുവരി മാസം 28-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ,..... ഓർഡർ ..... ചോദ്യം നമ്പർ 151

പറമ്പിക്കുളം-ആളിയാർ കരാറിലെ ദോഷകരമായ വ്യവസ്ഥകൾ

*1 [151] ശ്രീമതി രാധാരാഘവൻ:

ശ്രീ. എൻ. ശക്തൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. ലൂഡി ലൂയിസ്:

ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള പറമ്പിക്കുളം-ആളിയാർ കരാറിൽ സംസ്ഥാനത്തിന് ദോഷകരമായ എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം;

(സി) തമിഴ്നാട് കരാർലംഘനം നടത്തുന്നപക്ഷം അതിനുള്ള പരിഹാരം എന്താണെന്ന് കരാറിൽ പറഞ്ഞിട്ടുണ്ടോ;

(ഡി) നിലവിലുള്ള കരാറിലെ സംസ്ഥാനത്തിന് ദോഷകരമായ സംഗതികൾക്ക് പരിഹാരം കാണുന്നത് സംബന്ധിച്ച് നിയമസഭാ സമിതികൾ നൽകിയ ശുപാർശകൾ പ്രസ്തുത കരാർ പുതുക്കുന്നത് സംബന്ധിച്ച ചർച്ചകളിൽ ഉന്നയിച്ചിരുന്നുവോ;

(ഇ) എങ്കിൽ എന്തെല്ലാം കാര്യങ്ങൾ ഉന്നയിച്ചു;

(എഫ്) അവയ്ക്ക് തമിഴ്നാട് നൽകിയ മറുപടി എന്തായിരുന്നു എന്നു വിശദമാക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) ഉണ്ട്.

(ബി) നിലവിലുള്ള പറമ്പിക്കുളം-ആളിയാർ കരാറിൽ ലോവർ നീരാർ ഡാമിന്റേയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് ഡാമിന്റേയും വൃഷ്ടിപ്രദേശത്തുള്ള ജലവും ഒരുമിച്ച് കണക്കാക്കി 16.5 ടി.എം.സി.-യിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും ശേഷിക്കുന്ന ജലം ചാലക്കുടിപ്പുഴയിലേക്കും വിടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ പറമ്പിക്കുളം ഗ്രൂപ്പു ഡാമുകളിൽ നിന്നുള്ള ശരാശരി വാർഷിക ജലലഭ്യത 10.135 ടി.എം.സി. മാത്രമാണെന്ന് കഴിഞ്ഞ 30 വർഷത്തെ ഗേജിംഗ് വ്യക്തമാക്കുന്നു. അതിനാൽ കരാറിലെ 16.5 ടി.എം.സി. എന്ന കണക്ക് ഇപ്പോൾ കേരളത്തെ പ്രതികൂലമായി ബാധിക്കുന്നു. കൂടാതെ പെരിയാർ തടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള 4 മാസത്തേയ്ക്ക് മാത്രം കേരളത്തിലേക്ക് തുറന്നുവിടാൻ കരാറിൽ വ്യവസ്ഥ ചെയ്യുന്നു. കേരള ഗവൺമെന്റിന്റെ പര്യാലോചനയിലിരിക്കുന്ന പെരിയാർ തടത്തിലെ ജലസംഭരണികൾ പ്രവർത്തിച്ചു തുടങ്ങിക്കഴിയുമ്പോൾ നീരാർ നദിയിലെ ജലം മുഴുവൻ തമിഴ്നാടിനവകാശപ്പെട്ടതാണെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. പെരിയാർ, ഓരുവെള്ള ഭീഷണിയും ജലദൗർലഭ്യവും നേരിട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഈ വ്യവസ്ഥയും കേരളത്തിന് ദോഷകരമാണ്.

(സി) തമിഴ്നാട് കരാർലംഘനം നടത്തുന്നപക്ഷം അതിനുള്ള പരിഹാരമൊന്നും കരാറിൽ പറഞ്ഞിട്ടില്ല. തർക്കങ്ങൾ ഉഭയകക്ഷി ചർച്ചകളിലൂടെ പരിഹരിക്കാനാണ് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ കരാർലംഘനം നടത്തുന്നപക്ഷം അതിനു നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പുനരവലോകന ചർച്ചകളിൽ കേരളം ഉന്നയിച്ചിട്ടുണ്ട്.

(ഡി) പറമ്പിക്കുളം-ആളിയാർ കരാർ പുതുക്കുന്നതിന് വ്യവസ്ഥയില്ല; പുനരവലോകന ചർച്ചകളാണ് നടക്കുന്നത്. നിയമസഭാ സമിതി നൽകിയ ശുപാർശകൾ പുനരവലോകനത്തിനുവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി ചർച്ച ചെയ്യുകയും റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) മണക്കടവിൽ തമിഴ്നാട് ലഭ്യമാക്കേണ്ട 7.25 ടി.എം.സി. ജലത്തിൽ ആളിയാർ തിരുമൂർത്തി ഡാമുകൾക്ക് താഴേയും മണക്കടവ് വിയറിനു മുകളിലുള്ള വൃഷ്ടി പ്രദേശത്ത് നിന്നു ലഭിക്കുന്ന ജലവും ഉൾപ്പെടുന്നതായി കമ്മിറ്റി ചൂണ്ടിക്കാണിച്ചിരുന്നു. കൂടാതെ കാടംപാറ ജലവൈദ്യുതി പദ്ധതി നിർമ്മാണം, തമിഴ്നാട് ഷോളയാർ റിസർവോയറിലെ രണ്ട് സാഡിൽ സ്പിൽ വേകളുടെ നിർമ്മാണം, ആളിയാർ തിരുമൂർത്തി ഡാമുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

താഴ്ഭാഗത്ത് അനധികൃത മിനിജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം, കേരളത്തിന്റെ അനുവാദം കൂടാതെ കോണ്ടൂർ കനാലിൽ അറ്റകുറ്റപ്പണി നടത്തുക, കേരള ഷോളയാറിലെ ജലനിരപ്പ് നിശ്ചിത തീയതികളിൽ നിശ്ചിത ലെവലിൽ നിലനിറുത്താതിരിക്കുക എന്നിവയും കരാർ വ്യവസ്ഥകളുടെ ലംഘനമാണെന്ന് നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാട്ടിയത് തമിഴ്നാടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

(എഫ്) കമ്മിറ്റി ചൂണ്ടിക്കാട്ടിയ കാര്യങ്ങളൊന്നുംതന്നെ കരാർ ലംഘനമല്ലെന്ന വാദമാണ് തമിഴ്നാട് പൊതുവേ സ്വീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

പറമ്പിക്കുളം-ആളിയാർ കരാർ

*2 [T158] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ വി. ചെന്താമരാക്ഷൻ:
„ എ. കെ. ബാലൻ:
„ മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ ആദ്യകരാർ നിലവിൽ വന്നത് ഏത് തീയതിയിലാണ്; കരാറിൽ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് ഒപ്പുവച്ചിട്ടുള്ളത് ആരൊക്കെയാണ്;

(ബി) കരാറിൽ എത്ര വർഷത്തെ മുൻകാല പ്രബല്യം നൽകിയിട്ടുണ്ടായിരുന്നു;

(സി) എത്ര വർഷം കൂടുമ്പോൾ പുനരവലോകനം ചെയ്യണമെന്നായിരുന്നു വ്യവസ്ഥ; പുനരവലോകനം ചെയ്യുന്നതിന് തമിഴ്നാട് യഥാസമയം തയ്യാറായിട്ടുണ്ടോ;

(ഡി) കരാറിലെ ഏതെങ്കിലും വ്യവസ്ഥ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ഹാനികരമായിട്ടുണ്ടെന്ന് ഇപ്പോൾ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥകളെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിന് പുനരവലോകന ഘട്ടത്തിൽ കരാറുമായി ബന്ധപ്പെട്ട എന്തെല്ലാം സംഗതികളിൽ ഇനിയും വ്യക്തത ഉണ്ടാക്കേണ്ടതായിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ കരുതുന്നു എന്നു വിശദമാക്കാമോ?

മുഖ്യമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ,

(എ) 9-11-1958-ലാണ് പറമ്പിക്കുളം-ആളിയാർ കരാർ നിലവിൽ വന്നത്. ടി കരാർ മുൻകാല പ്രാബല്യത്തോടുകൂടി 29-5-1970-ലാണ് ഒപ്പുവച്ചത്. കരാറിൽ തമിഴ്നാടിനെ പ്രതിനിധീകരിച്ച് അന്നത്തെ തമിഴ്നാട് പൊതുമരാമത്ത് സെക്രട്ടറി ശ്രീ. കെ. എസ്. ശിവസുബ്രഹ്മണ്യനും കേരളത്തെ പ്രതിനിധീകരിച്ച് ജലവും ഊർജ്ജവും വകുപ്പു സെക്രട്ടറി ശ്രീ. കെ. പി. വിശ്വനാഥൻ നായരുമാണ് ഒപ്പുവച്ചിട്ടുള്ളത്.

(ബി) 29-5-1970-ൽ തമിഴ്നാടും കേരളവും തമ്മിൽ ഒപ്പുവച്ച കരാറിന് 9-11-1958 മുതൽ 12 വർഷത്തെ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

---

*'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.